മലയാള മനോരമ
ESTABLISHED 1888

31 March 2017

# സിഎംഎഫ്ആർഐ ബംഗാളിൽ ഗവേഷണ കേന്ദ്രം തുടങ്ങി

കൊച്ചി • കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പശ്ചിമ ബംഗാളിലെ ദിഘയിൽ പുതിയ ഗവേഷണ കേന്ദ്രം ആരംഭിച്ചു. സിഎംഎഫ്ആർഐയുടെ 11-ാമത്തെ ഗവേഷണകേന്ദ്രമാണിത്. ബംഗാളിലെയും ഒഡീഷയിലെയും സമുദ്രമത്സ്യ മേഖലയുടെ വികസനത്തിനായുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഇവിടെ പ്രാധാന്യം നൽകുക.

ബംഗാളികൾക്ക് ഏറ്റവും പ്രിയങ്കരമായ ഹിൽസ മത്സ്യത്തിന്റെ സംരക്ഷണത്തിനും സുസ്ഥിരമായ മത്സ്യബന്ധനത്തിനും ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾക്കു പുതിയ കേന്ദ്രം ഊന്നൽ നൽകും. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഹിൽസ മത്സ്യത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്.

വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടു പശ്ചിമബംഗാൾ, ഒഡീഷ സർക്കാറുകൾക്കു സിഎംഎഫ്ആർഐ പഠനനിർദേശങ്ങൾ കൈമാറും. കേരളത്തിൽ വൻ വിജയമായി മാറിയ കടൽമത്സ്യ കൂടുകൃഷി സമ്പ്രദായം ഈ സംസ്ഥാനങ്ങളിൽ ജനകീയമാക്കുന്നതിനും ശ്രമങ്ങളുണ്ടാകുമെന്ന് ഡയറക്ടർ എ. ഗോപാലകൃഷ്ണൻ പറഞ്ഞു.

ഗുജറാത്തിലെ വെരാവൽ, മുംബൈ, കർണാടകയിലെ കാർവാർ, വിശാഖപട്ടണം, മംഗലാപുരം, ചെന്നൈ, തൂത്തുകുടി, മണ്ഡപം, കോഴിക്കോട്, വിഴിഞ്ഞം എന്നിവിടങ്ങളിലാണ് സിഎംഎഫ്ആർഐ യുടെ മറ്റ് ഗവേഷണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്.